(ഡി) സംസ്ഥാനത്ത് വിദേശ ഫണ്ട് വാങ്ങി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെയെല്ലാം മേൽവിലാസം ലഭ്യമാക്കുമോ?

ഉത്തരം

(എ — ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്

10 [2474] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പെൻഷൻ വാങ്ങുന്ന, സംസ്ഥാനത്തെ സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ബിൽ മാറി നൽകുന്നതിൽ ധനകാര്യവകുപ്പ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണെന്നും, അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈയിനത്തിൽ എത്ര അപേക്ഷകൾ ധനകാര്യവകുപ്പിൽ തീർപ്പാക്കാതെയുണ്ട്;

(ഡി) അവശത അനുഭവിക്കുന്ന സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ ബില്ലുകളിൽ അടിയന്തിര തീരുമാനമെടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ ആശുപത്രികളിലെ ചികിത്സകൾക്കു മാത്രമേ റീഇംപേഴ്സ്മെന്റ് അനുവദനീയമായിട്ടുള്ളു. ഈ ഉത്തരവു നടപ്പിലാക്കുക മാത്രമാണ് ധനകാര്യവകുപ്പ് ചെയ്തിട്ടുള്ളത്.

(സി) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഫയലുകൾ തീർപ്പാക്കുന്നത് പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് സെൽ) ആണ്.

(ഡി) അപേക്ഷയുടെ സാധുതയുടെയും അർഹതയുടെയും അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്.

പെൻഷൻ നിയമം സംബന്ധിച്ച്

11 [2475] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൻഷൻ നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതുവർഷം മുതലാണ് പ്രസ്തുത നിയമം അംഗീകരിച്ച് നടപ്പിലാക്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നു ലക്ഷം പെൻഷൻകാർ ഉള്ള സംസ്ഥാനത്ത് സമഗ്രമായ നിയമം നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാലോചിതമായ പെൻഷൻ നിയമം ആവിഷ്കരിക്കണമെന്ന് ഈ രംഗത്തെ ഏതെങ്കിലും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾ എന്ന് വ്യക്തമാക്കുമോ;

(ഡി) പെൻഷൻ നിയമം പ്രാവർത്തികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പെൻഷൻ നിയമം നിലവിൽ ഇല്ല. പെൻഷൻ ചട്ടങ്ങളാണ് നിലവിലുള്ളത്. പ്രസ്തുത ചട്ടങ്ങൾ 1966 നവംബർ 14 മുതലാണ് നിലവിൽ വന്നത്.

(ബി) നിലവിലുള്ള പെൻഷൻ ചട്ടങ്ങളിൽ പോരായ്മയുള്ളതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

(സി) പെൻഷൻ ചട്ടങ്ങൾക്ക് പകരമായി ഒരു പെൻഷൻ നിയമം ആവിഷ്കരിക്കണമെന്ന് ഇതുവരെ ആരും ആവശ്യം ഉന്നയിച്ചിട്ടില്ല.

(ഡി) കേന്ദ്ര പെൻഷൻ നിയമവും ചട്ടങ്ങളും അനുസരിച്ചാണ് സംസ്ഥാന പെൻഷൻ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന് പ്രത്യേകമായി ഒരു പെൻഷൻ നിയമം ആവശ്യമാണെന്ന് തോന്നിയിട്ടില്ല.

കോൺട്രിബ്യൂട്ടറി പെൻഷൻ സംബന്ധിച്ച്

12 [2476] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൻഷൻ നൽകുന്നതിനുവേണ്ടി പ്രതിവർഷം എത്ര രൂപ ചെലവാകുന്നു;

(ബി) സർക്കാർ സർവ്വീസിൽ നിന്നു റിട്ടയർ ചെയ്ത എത്ര പേരാണ് ഇപ്പോൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നത്;

(സി) സംസ്ഥാനത്ത് കോൺട്രിബ്യൂട്ടറി പെൻഷൻ എന്നുമുതലാണ് നടപ്പാക്കി തുടങ്ങിയത്;

(ഡി) ഇതിനകം എത്ര ജീവനക്കാരെ കോൺട്രിബ്യൂട്ടറി പെൻഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്;

(ഇ) കോൺട്രിബ്യൂട്ടറി പെൻഷൻ സംബന്ധിച്ച വിശദാംശവും ഇതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശവും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly